(ബി&സി) പുതുതായി അനുവദിച്ച സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ആവശ്യമായ തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. പുതിയ സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് സർക്കാർ ഉത്തരവായത്. പുതിയ സ്കൂളുകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം ലഭ്യമാകുകയുള്ളൂ.

(ഡി&ഇ) സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക ബാങ്കിൽനിന്നും നിയമനം നടത്തിയിട്ടില്ല. ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക ബാങ്കില്ല. പുതിയ സ്കൂളുകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം ലഭ്യമാകുകയുള്ളൂ.

പുതിയ പ്ലസ് ടു സ്കൂളുകളിലെ അദ്ധ്യാപകർ

47 (1101) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതുതായി പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര അദ്ധ്യാപകർ വേണ്ടി വന്നിട്ടുണ്ട് ; സർക്കാർ സ്കൂളുകളിലെത്ര ; എയ്ഡഡ് സ്കൂളുകളിലെത്ര ;

(ബി) ഇതുമൂലം പുതുതായി വന്ന അദ്ധ്യാപകരുടെ ഒഴിവുകൾ ഏതെല്ലാം രീതികളിലാണ് നികത്തുകയുണ്ടായിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഗസ്റ്റ് അദ്ധ്യാപകരായി എത്ര പേരെ വീതം നിയോഗിക്കുകയുണ്ടായിട്ടുണ്ട് ;

(ഡി) എയ്ഡഡ് മേഖലയിൽ ഗസ്റ്റ് അദ്ധ്യാപകർമാരായി നിയമിക്കപ്പെടുന്നവരെ പിന്നീട് സ്ഥിരപ്പെടുത്താമെന്ന് എയ്ഡഡ് മാനേജ്മെന്റുകൾക്ക് സർക്കാർ വാഗ്ദാനം നല്കുകയുണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) പുതുതായി അനുവദിച്ച സ്കൂളുകളിലെ/അധിക ബാച്ചുകളിലെ ആവശ്യമായ തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

(സി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly